പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3275 16.12. 2015- ലെ മറുപടി

പ്രവാസി ക്ഷേമ പദ്ധതികൾ

ചോദ്യം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)*

| | | |
|---|---|---|
| (എ)പല പ്രവാസി ക്ഷേമ പദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ; | (എ) | പ്രവാസികളുടെ ക്ഷേമപദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രവാസി ചികിത്സാ സഹായം സർക്കാർ അനുവദിച്ചിട്ടും അപേക്ഷകർക്ക് നല്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ; | (ബി) | നോർക്ക-റൂട്ട്സ് വഴി നടപ്പാക്കുന്ന സാന്ത്വന പദ്ധതി പ്രകാരം തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹമാകുന്നതിനുള്ള വരുമാന പരിധി 25,000/- രൂപയിൽ നിന്നും 1,00,000/- രൂപയായും, നല്കി വന്നിരുന്ന ധനസഹായം പരമാവധി 1 ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയും തത്ഫലമായി അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെ തുടർന്ന് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് എല്ലാ അപേക്ഷകർക്കും യഥാസമയം ധനസഹായം നൽകാൻ കഴിയാത്ത സ്ഥിതി വിശേഷം ഉണ്ടായി.<br>2015-16 ൽ 307 ലക്ഷം രൂപയാണ് സാന്ത്വന പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ 2014-15 വർഷം 2124 ഗുണഭോക്താക്കൾക്കായി 9,67,84,000/- രൂപയും 2015-16 വർഷം നാളിതു വരെ 1199 ഗുണഭോക്താക്കൾക്കായി 6,26,56,000/- രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. 2014 നവംബർ 20 -ാം തീയതി വരെ സർക്കാർ ഉത്തരവ് ലഭിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക നിവാരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിലേക്കായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി) പ്രവാസി പുനരധിവാസ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ ബാങ്കുകൾ സഹകരിച്ചില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയെ തുടർന്നും ഇക്കാര്യ ത്തിൽ പുരോഗതിയുണ്ടായില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (സി) | തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസം മുൻനിർത്തി ആരംഭിച്ച സ്വയം തൊഴിൽ വായ്പാ പദ്ധതിയായ NDPREM പദ്ധതി നടത്തിപ്പിന് മുൻ വർഷം കാനറാ ബാങ്കും,യൂണിയൻ ബാങ്കും മാത്രമാണ് സഹകരിച്ചിരുന്നത്. പദ്ധതിയുമായി സഹകരിക്കുന്നതിന് ബാങ്കുകളോട് SLBC യോഗത്തിൽ ബഹു.മുഖ്യമന്ത്രിയും ബഹു.നോർക്ക വകുപ്പ് മന്ത്രിയും അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുമായി 2015 നവംബർ 23- ന് ധാരണാ |

| | | |
|---|---|---|
| | | പത്രം ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ SBT ഉൾപ്പെടെയുള്ള കൂടുതൽ ബാങ്കുകൾ പദ്ധതിയുമായി സഹകരിച്ചു മുന്നോട്ടു വന്നിട്ടുണ്ട്. വായ്പാ ശുപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയവർക്ക് വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേയ്ക്ക് അവരുടെ അപേക്ഷകൾ അയക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജനുവരി 1 മുതൽ ഓൺലൈൻ വഴി ലോണിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Sheeja

സെക്ഷൻ ഓഫീസർ